സ്പീക്കറുടെ അനുവാദത്തോടുകൂടി ഒരു മോഷൻതന്നെയോ വേണമെങ്കിൽ വീണ്ടും അവതരിപ്പിക്കാവുന്നതാണ്. അതിനാൽ ഈ അടിയന്തിരപ്രമേയം അനുവദിക്കുന്നില്ല.

LEGISLATIVE BUSINESS

The Travancore-Cochin Contingency Fund Bill, 1950

Minister for Finance and Revenue **[Sri. A. J. John]:** Sir, I beg to introduce the Travancore-Cochin Contingency Fund Bill, 1950.

Chief Minister **[Sri. T. K. Narayana Pillai]:** I second it.

Mr. Speaker: The Bill is introduced.

Sri. A. J. John: I beg to move that the Bill be taken into consideration at once.

Sri. A. Thanu Pillai: Sir, I wish to bring to the notice of this House that the Bill should have been published a few days earlier. It was published in the Gazette on the 5th of November and now we are on the 6th of November. Copies were not made available till yesterday night.

Mr. Speaker: The difficulty pointed out by the Hon'ble Member calls for consideration.

ഇതിനെപ്പറ്റി ഇന്ന് വാദപ്രതിവാദം നടത്തുന്നതു് നന്നായിരിക്കയില്ല. നാളത്തേക്ക് മാറ്റുന്നതായാൽ അതു് മതിയായിരിക്കുമല്ലോ.

Sri. A. Thanu Pillai: I object to the discussion being had tomarrow also. This is a very important matter and in connection with that the provisions of the Constitution and the relevant facts elsewhere have to be read and studied. I had a cursory glance and then I found that a very radical difference has been made in the present Bill from the corresponding Bill in India. That shows that it should be studied. For that two days time may be allowed. It may be a Bill of two or three clauses. But people who want to study must have time. Our friend has made very considerable change in the present Bill.

ശ്രീ. എ. ജെ. ജോൺ: സെൻട്രൽ ഗവൺമെൻറിൽ കണ്ടിജൻസി ഫണ്ടു് സംബന്ധമുള്ള കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നാണു് എടുക്കുന്നതു്. എന്നാൽ മദ്രാസിൽ അതു റവന്യൂസർപ്ലസ് ഫണ്ടിൽനിന്നും എടുക്കുന്നു. ഇവിടെയും റവന്യൂസർപ്ലസ് ഫണ്ടിൽനിന്നും എടുക്കുവാനാണു് ഉദ്ദേശിക്കുന്നതു്. റെവന്യൂസർപ്ലസ്സിൽനിന്നും ഇരുപത്തഞ്ചുലക്ഷം രൂപാ എടുക്കണമെന്നാണു് ബിൽ ആവശ്യപ്പെടുന്നതു്.

Mr. Speaker: The discussion on the Travancore-Cochin Contingency Fund Bill is postponed to the day after tomorrow.

The Travancore-Cochin Government Land Assignment Bill

Mr. Speaker: We will now go on to the next Bill—the Travancore-Cochin Government Land Assignment Bill.

There is a motion standing in the name of Mr. P. S. Nataraja Pillai. He will now move the motion.

Sri. P. S. Nataraja Pillai: Sir, I move that the Bill be recommitted to the Select Committee with the following instructions:—

(*a*) Clause 3 be re-examined and re-drafted so as to fix a maximum extent of land and the conditions on which such land may be assigned to an individual;

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. S. Nataraja Pillai]

(*a*) In clause 5, to define the appellate authority, to lay down the powers of such authority and the procedure for appeals;

(*c*) In clause 7, to embody definite rules for matters enumerated in sub-clauses (*a*) to (*e*) of that clause.

Sir, I readily concede that the Bill, as it is, is only a reproduction of the old Land assignment Law of Travancore. For the administration of land Revenue this law is necessary. But we have laws in force at present for the purpose. Therefore there is absolutely no urgency to enact a new law for the administration of land revenue or connected matters. We are enacting a law for the assignment of land under Government control. We are setting down the principles of assigument, but before that the land policy has to be decided. It is a well-known fact that land at the disposal of Government is a national asset and limited. It has to produce maximum benefit to the nation. It should be dealt with in the interest of the community at large. The old law says the land assignment Act of 1097, which was the previous law on the subject in the preamble that it is "to regulate the assignment of Government lands and to remove any doubt as to the validity of limitations and restrictions imposed upon land". Government thought it necessary to remove doubts that existed and to lay down the procedure for assignment of land.

Sir, we are now functioning as an unit of a Sovereign Democratic Republic and we have pledged in our Constitution to direct our policy in such a way as to secure that the ownership and control of the material resources of the community are so distributed as best to subserve the common good and that the operation of the economic system does not result in the concentration of wealth and means of production to the common detriment. Quite against this policy, we find in Clause 3 of this Bill the right of assigning any area to any individual absolutely. There may be 30 per cent of the cultivable land as waste land in the control of Government to-day and under this Clause Government have the power to create ownership on that. The land resources of our State, having regard to the rate of growth of population is very limited, and land policy is going to affect our future economy more than anything else. If land is going to be squandered away and if vested interests are created on land without limitation or condition, that will seriously tell upon the future of the country. Further in Travancore land is cultivated by owners and tillers who are not owners, and we have not defined in the Bill to which class of people future assignments are to be made. We are therefore bound to consider the whole question in the light of that fact as well.

One other matter which I should like to place before the Assembly is about the allotment of land recently made under the Kuthagapattom lease. Under the Rules, the holder is entitled only to be the lessee or tenant and he is bound to surrender the land at any time the Government requires. But, Sir, we hear very often from the Treasury Benches that people are being allotted land on Kuthagapattom lease with the right to make permanent improvement and to settle on the land. A perusal of the Land Revenue Manual will reveal that lands held in Shertallai and Parur under Kuthagapattom tenure had to be converted into Pandarapattom at the resettlement in as much as a right accrued to the owner who had made permanent improvement and lived on the land for a number of years. It will not be right and just to ask a man who has devoted money and labour to improve the land to quit it at a moment's notice. When we ask people to migrate to mountainous areas to take possession of lands and make permanent improvements and live on it, we cannot call it as Kuthagapattom. When new rights are created, we should be very careful, otherwise it will lead to adverse consequences. Therefore it is our

LIBRARY ARCHIVES Kerala Legislative Assembly

duty as a responsible body functioning at the present moment to take note of the fact as they exist to-day. We should see that the exploitation of land resources its so conducted as to ensure the welfare of the community and the nation at large. This can only be achieved by making the necessary changes in Clause 3 for the assignment of land. Assignment must be conditional. What those conditions should be is a matter for serious consideration, study and discussion. It is not a matter which could be gone into by means of an amendment here but should be dealt with by the Select Committee.

Apart from the fact I have pointed out, the report of the Land Committee appointed by Government is now available. Their report and recommendation could also be scrutinised by the Select Committee before deciding the nature and limit of assignment to be provided for in this Bill.

I should like to point out that the assignment now made to individuals under Kuthagapattom Rules and otherwise has lead to two opposing results, namely the fragmentation of holdings on the one side and the accumulation of land in the hands of a few on the other. These two results are equally bad and if we go on tolerating it, it will be an act of crime towards the future generations of the country. We have no reliable data about the average minimum holding that exists now or the extent or area of an economic holding in our country. We have not seriously thought, so far, about the methods by which the right of ownership can be restricted. In 1947, the Land Policy Committee appointed by the Government of India has published, their land policy and programme. They have very clearly laid down that land must belong directly to the State, any ownership or rights of cultivation should be limited to the extent of cultivation and taking the produce from such land without any right to mortgage, sell or otherwise dispose of by law or inheritance any part of such land or its produce. That Committee consisted of of well-known economists like Radhkamal Mukherji and K. T. Shah and was one of the organs of the National Planning Commission, which was presided over by Pandit Nehru. The specific recommendation of the Committee was that land should not hereafter be assigned to private ownership without limitation. That being the case, I do not know why the Treasury Benches, which claims to be a Congress party, should have ignored the fundamental principles laid down by Congress leaders and rushed to this House with a Bill merely reproducing the old archaic law on land. There is absolutely no necessity for such haste, for under the Application of Laws Act, land assignment could be made under the old Act. There is no necessity for a new law now, unless a new procedure is envisaged. We must recast the Bill in all its aspects and make it more reasonable and suited to the conditions of the day. This Government may have the right of enacting a measure and enforcing it with their majority in this House, but they must take note of the circumstances of the country and reckon with the impression it will create in the minds of the voters. It is the expressed will of the people that land should not be allowed to accumulate in the hands of a few and it is the need for reform in this sphere that has forced the Government to appoint a Land Committee. And that Report is also now ready. In the heaven's name, I ask, why this hurry. Let us take sufficient time to cousider and frame a Bill keeping in view the recommendations of that Committee also. The Select Committee, if it is properly reconstituted, can consider all these aspects and can even take independent evidence. That is the object with which I move for a recommittal.

Then again in Clause 5, the procedure and powers of the appellate authority are left to be laid down by Rules made by Government. Delegated legislation is bad in principle and we should not delegate the right to make substantial provisions

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. S. Nataraja Pillai]

of law by an executive fiat. It may be right under the old order of things but it is not becoming to this House to-day. What is to be the procedure and what ought to be the period of limitation are all matters which must be subject to discussion on the floor of this House. Greater rights cannot be conferred on the executive than what is conferred on them by the provisions of the Act itself. On that ground I urge for a Select Committee to go into the details of that aspect and make specific provisions regarding these matters.

Coming to Clause 7, that is something like an omnibus clause, where every procedure connected with land has to be prescribed by Government by Rules, viz., the right of prescribing the authority by which assignment may be made, prescribing the procedure to be followed in assigning the land, providing for the publication of notifications and services, prescribing the rates at which land may be assigned, providing for protection of royalties on the land assigned, prescribing the limitations, restrictions and conditions subject to which an assignment could be made etc."

This is a wide field indeed. Whatever you can think of in the matter of assignment of land, is to be fixed by the Executive, and that by rules which they may notify in the gazette! That kind of delegation of powers or such vital matters to the Executive is, I submit, not proper. They are not certainly matters for the Executive to make rules upon. It is the duty and the right of the people's representatives to frame the rules and they have a right to know what are being put in the rules. As such, the provision has to be so revised, and it must be charged as to embody the rules in the Bill itself. Therefore, Sir, I may conclude by saying that in the present circumstances of Travancore, and in the public interest it will not be right for this Assembly to enact a measure providing for the absolute right of ownership over land to individuals, and that a measure without a restriction on the extent of land that could be so assigned. We know the tree growth or cultivable waste land in our country is very valuable. There have been rightly or wrongly a number of allegations here and in the press and the platform that valuable tree-growth is being allowed to be removed without any payment when land is granted on Kuthagapattom for grow more food campaign. Whether it is true or not, it is not a matter for discussion now, but it is an allegation which is openly made in the country. Therefore, the method of giving tree growth must be made definite. How tree growth in a particular area is to the valued and when that particular land is to be assigned what steps should be taken to realise the value of the trees, are all matters for very serious consideration. As I said, this House will not be doing justice to its own right and duty if it delegates authority to the Government to frame rules for the appeal proceedings. For these reasons, I move that the Bill be recommitted to the Select Committee.

Mr. Speaker: Order, Order. Mr. Kalathil Velayudhan Nair has also put in an amendment for recommittal. Having been received very late it could not be allowed. But Mr. Velayudhan Nair can speak on the present motion.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സെലക്ട് കമ്മിറ്റി പുനഃപരിശോധന ചെയ്യണമെന്നുള്ള ശ്രീ. നടരാജപിള്ള അവർകളുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ഗവൺമെൻറിൻെറ കൈവശമുള്ള ഭൂമികൾ കൃഷിക്കു വേണ്ടികൊടുക്കുന്നതു് നിയന്ത്രിക്കുന്നതിനായിട്ടാണു് ഈ വകുപ്പു് ഉണ്ടാക്കിയിട്ടുള്ളതു്. ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന മറ്റു വകുപ്പുകളും മുമ്പു ഈ രാജ്യത്തു നിലവിലിരുന്ന നിയമത്തിലെ വകുപ്പുകൾതന്നെയാണു്. അതുകൊണ്ടുതന്നെയാണു് ഈ വകുപ്പിൽ മൗലികമായ ഒരു മാറ്റം വരുത്തണമെ

LIBRARY ARCHIVES Kerala Legislative Assembly

ന്ന ഞാൻ അഭിപ്രായപ്പെടുന്നതു്. ഭൂനയം സംബന്ധിച്ചു്—ലാൻറ് അസൈയിൻമെൻറ് സംബന്ധിച്ചു്—ആദ്യം ഈ രാജ്യത്തു ഒരു നിയമം ഉണ്ടായശേഷം ഈ രാജ്യത്തെ അഭിപ്രായഗതി ഇപ്പോൾ വളരെ മാറിയിട്ടുണ്ടു്. ഇപ്പോഴത്തെ നിയമം അനുസരിച്ചാണെങ്കിൽ ഗവൺമെൻറിൻെറ കൈവശമിരിക്കുന്ന ഭൂമിയാതൊരു നിയന്ത്രണങ്ങളുമില്ലാതെ എത്ര ഏക്കർ വേണമെങ്കിലും സ്ഥിരമായി പതിച്ചുകൊടുക്കുവാൻ ഗവൺമെണ്ടിനു അധികാരം ഉണ്ടായിരിക്കുന്നതല്ല. നിയമം ഉണ്ടായി വളരെ കാലം കഴിഞ്ഞിട്ടും ഇവിടെ ഭൂമികൾ പതിച്ചുകൊടുത്തുവരികയും ഈ ജനകീയഭരണത്തിനു മുമ്പുതന്നെ ഇപ്രകാരം സർക്കാർ കൈവശമുള്ള ഭൂമികൾ സ്ഥിരമായി അന്യാധീനം ചെയ്യുന്നതു് തടയാം എന്ന നയം ഗവൺമെൻറ് അംഗീകരിക്കുകയുംചെയ്തിരുന്നു. അതുകൊണ്ടുതന്നെ ഭൂമികൾ സ്ഥിരമായി കൈമാറ്റം ചെയ്യപ്പെടരുതെന്നു ലാൻറ് അസൈയിൻ മെൻറ് ആക്ടിൽ വകുപ്പുണ്ടാക്കിവച്ചിരിക്കുന്നതായി നമുക്കു കാണുവാൻ കഴിയും. ഫസ്റ്റ് ആയപ്പോൾ ഒരു ക്ലിപ്ത വിസ്തീർണ്ണമുള്ള ഭൂമി മാത്രമെ എഗ്രിമെൻറ് പാട്ടമായും സ്ഥിരപ്പാട്ടമായും പതിച്ചുകൊടുക്കുവാൻ പാടുള്ളുവെന്നും അങ്ങിനെ പാട്ടം വാങ്ങുന്ന ആൾക്കു് പരിമിതമായ അവകാശംമാത്രമെ ആ വസ്തുവിന്മേൽ ഉണ്ടായിരിക്കുകയുള്ളുവെന്നും ഗവൺമെണ്ടിൻെറ അനുവാദം കൂടാതെ പാട്ടാവകാശം കൈമാറ്റം ചെയ്യുവാൻ അധികാരം ഉണ്ടായിരിക്കുകയില്ല എന്നുമുള്ള വകുപ്പു നിലവിലുണ്ടു്. അതുപോലെതന്നെ വസ്തുവിൻെറ ഉടമസ്ഥാവകാശം ഗവൺമെൻറിൻെറ കൈയിൽ നിക്ഷിപ്തമായിരിക്കുമെന്നും, പാട്ടം വാങ്ങുന്ന ആൾക്കു് വസ്തുവിൻെറ പാട്ടം എടുത്തു അനുഭവിക്കാൻമാത്രമല്ലാതെ മറ്റു യാതൊരു അവകാശവും ഇല്ലാത്തതാണെന്നും ഭൂമിപാട്ടത്തിനു വാങ്ങി ഈ മാസത്തിനകം കൃഷിചെയ്യാത്തപക്ഷം പാട്ടം അസാധുവാകുമെന്നും ഈ ജനകീയഭരണത്തിനു മുമ്പുള്ള ഗവൺമെൻറുതന്നെ വകുപ്പു ഉണ്ടാക്കിയിട്ടുണ്ടു്. അതുകാരണമാണു് ഇന്നുവരെ ആ നിയമമനുസരിച്ചു് ഭൂമി പാട്ടത്തിനെടുക്കുന്ന ആൾക്കു് അതു കൈമാറ്റം ചെയ്യുവാൻ സാധിക്കാതെവന്നിട്ടുള്ളതു്. അങ്ങനെ വന്നിട്ടുള്ളതുകൊണ്ടും ഗവൺമെൻറിൻെറ വീക്ഷണഗതിയിൽ സാരമായ മാറ്റം വന്നതുകൊണ്ടും വകുപ്പുകളിൽ ചില ഭേദഗതികൾ വരുത്തുകയാണുണ്ടായിട്ടുള്ളതു്. എന്നാൽ സർക്കാരിൻെറ കൈവശമുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം ഒരു നിയമനിർമ്മാണം ചെയ്യുന്ന ഈ അവസരത്തിൽ മുമ്പിലത്തെ വകുപ്പിലുണ്ടായിരുന്ന നിയന്ത്രണങ്ങളും മാറ്റാവശ്യമനുസരിച്ചുവേണ്ടുന്ന നിയന്ത്രണങ്ങളും കൂടി ഈ ആക്ടിൽ ഉണ്ടാക്കുന്നതു ഉചിതമായിരിക്കുമെന്നാണു് എൻെറ അഭിപ്രായം. രാജ്യത്തുള്ള സകലവസ്തുക്കളും ഈ രാജ്യത്തിൻെറ പൊതു സ്വത്തായിരിക്കണമെന്നുള്ള പ്രബലമായ ഒരു അഭിപ്രായഗതിയാണു പൊതുവെ ജനങ്ങളുടെ ഇടയിൽ ഉള്ളതു്. അങ്ങിനെയുള്ള അഭിപ്രായത്തിനു പ്രാബല്യം സിദ്ധിച്ചുവരുന്നതോടുകൂടി ഗവൺമെണ്ടും ഭൂനയം മാറ്റിവരുന്നതായി നാം കാണുന്നുണ്ടു്. അതുകൊണ്ടാണു ഇപ്പോഴത്തെ കോൺഗ്രസ് ഗവൺമെൻറുപോലും ഭൂവുടമയെ സംബന്ധിച്ചിടത്തോളം ഇൻഡ്യാ ഗവൺമെണ്ടിൻെറ നിയമത്തിൽ ഒരു പരിധി നിശ്ചയിക്കേണ്ടതാണെന്നു തീരുമാനിച്ചിട്ടുള്ളതു്. ഭൂമിയെ സംബന്ധിച്ചിടത്തോളമുള്ള പഴയ നിയമം ശക്തിഹീനമാക്കുവാനും ഭൂമി യഥാർത്ഥമായി കൃഷി ചെയ്യുന്നവർക്കു് നൽകുവാനും നശ്ചയിച്ചുകഴിഞ്ഞിട്ടുണ്ടു്.

ഈ അവസരത്തിലാണു സർക്കാരിൻെറ കൈവശമുള്ള ഭൂമി എങ്ങിനെ നിയന്ത്രിക്കണം എന്നുള്ളതിനു ഒരു നിയമം ഇവിടെ അവതരിപ്പിക്കുന്നതു്. അതിനു മുപ്പതോ മുപ്പത്തിയഞ്ചോ കൊല്ലങ്ങൾക്കുമുമ്പുള്ള ഒരു നിയമം നാം ആവർത്തിക്കേണ്ടതുണ്ടോ എന്നുള്ളതു പ്രത്യേകം ആലോചിക്കണം. എൻെറ അഭിപ്രായ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Kalathil Velayudhan Nair]

ത്തിൽ മുമ്പ് ഗവണ്മെണ്ടു സ്വീകരിച്ചിരുന്ന നയമെങ്കിലും ഇതിൽ ഉൾപ്പെട്ടത്താ മായിരുന്നു. ഇപ്പോൾ അസൈയിൻമെൻറ് എന്ന പദം ഇതിൽ ഡിഫൈൻ ചെയ്തിട്ടുണ്ട്. ആ നിയമമനുസരിച്ചാണെങ്കിൽ എല്ലാ ഗവണ്മെണ്ടു വസ്തുക്കളും സ്ഥിരമായി അന്യാധീനം ചെയ്യുവാൻ ഒരു പരിമിതിയില്ലാത്ത അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അപ്രകാരമുള്ള അധികാരം നിയന്ത്രിക്കുന്നതിനു ഇങ്ങിനെ ഒരു നിയമം ഉണ്ടാക്കേണ്ടയാവശ്യമുണ്ടോ എന്നാണൊലോചിക്കേണ്ടതു്. സർക്കാർഭൂമി സ്ഥിരമായി മറ്റുള്ള ആളുകൾക്കു കൊടുക്കത്തക്കവണ്ണമുള്ള ഒരു നിയമം മുമ്പും ഉണ്ടായിട്ടില്ല. ആ തത്വം ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ എന്തുകൊണ്ട് ഈ നിയമത്തിൽ ആ തത്വം പകർത്തിക്കൂടാ? ആ തത്വം ഇതിൽ ഉൾപ്പെടുത്തിയാൽ ഈ നിയമത്തിൽ സംഗതമായ പല ഭേദഗതികളും ചെയ്യേണ്ടിവരും. ഈ നിയമത്തെ സംബന്ധിച്ചു ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള മിക്കവാറും എല്ലാ ഭേദഗതികളും ആ തത്വം ധ്വനിപ്പിക്കുന്നതായികാണുന്നുണ്ട്. ഈ ഭേദഗതികളിൽ ഏതെങ്കിലും ഒന്നു ഗവണ്മെൻറ് അംഗീകരിക്കുന്നപക്ഷം ഈ ബില്ലുതന്നെമാറ്റി പുതിയ വ്യവസ്ഥകളോടുകൂടിയുള്ള ഒരു ബില്ല കൊണ്ടുവരേണ്ടതായിവരും. ഈ ബില്ലിനു ശ്രീമാൻ താണുപിള്ള അവർകൾ ചില ഭേദഗതികൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ഗവണ്മെണ്ടു കൈവശമിരിക്കുന്ന ഭൂമി പാട്ടത്തിനു കൊടുക്കുമ്പോൾ അതിനു പരിമിതി ഉണ്ടായിരിക്കണമെന്നുള്ള ഒരു വ്യവസ്ഥ അദ്ദേഹത്തിൻറെ ഭേദഗതിയിൽ ഉണ്ട്. ഭൂമി സ്ഥിരമായി കൊടുക്കുവാൻപാടില്ലെന്നും പാട്ടമായിട്ടേ കൊടുക്കുവാൻ പാടുള്ളുവെന്നുമാണ് ഭേദഗതിയിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. അതുകൊണ്ട് വീണ്ടും ഇതു സെലക്ട്കമ്മിറ്റി പരിശോധിക്കാതെ നിയമമാക്കുവാൻ സാധിക്കുമോ എന്നുള്ള കാര്യം ആലോചിക്കേണ്ടതാണ്. ശ്രീമാൻ നടരാജപിള്ള അവർകൾ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു സൂചിപ്പിച്ചതു് ലാൻറ് അസൈയിൻമെൻറ് അനുസരിച്ചുള്ള രൂളുകൾ നിയമത്തിൻറെ ഭാഗം ആക്കണമെന്നാണ്. അങ്ങനെ ഭാഗമാക്കുകയാണെങ്കിൽ ഈ ബില്ലുമുഴുവൻ ഒരു സെലക്ട് കമ്മിറ്റി പുനഃപരിശോധന ചെയ്യേണ്ടതായി വരും. അതുകൊണ്ടതന്നെ ഇതു ഒരു സെലക്ട് കമ്മിറ്റിയുടെ പുനഃപരിശോധനയ്ക്കു വിധേയമാക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

എതായാലും സർക്കാരിൽ നിന്നും കൃഷി ചെയ്യുന്നതിനായി കൈവശം കൊടുക്കുന്ന ഭൂമി അന്യാധീനം ചെയ്യുവാനുള്ള അവകാശം പാട്ടക്കാർക്കു കൊടുക്കുവാൻ പാടില്ലാത്തതാണ്. സാധാരണയായി പത്തോ ഇരുപതോ ഏക്കർ സ്ഥലം കുത്തകപ്പാട്ടമായി ഇപ്പോഴത്തെ നിയമമനുസരിച്ചു കൊടുത്തുവരുന്നുണ്ട്. അതു പാട്ടത്തിനെടുക്കുന്നവർ മിക്കവാറും നിർധനരായിരിക്കും. അവർക്കു ധനം ആവശ്യമുണ്ട്. അങ്ങനെ വരുമ്പോൾ അവർ കടം വാങ്ങുന്നു. ആ കടത്തിനു വേണ്ടി ഈ പാട്ടവസ്തു കോടതിമുഖാന്തിരം ലേലത്തിൽ പിടിച്ചു് മറ്റൊരാൾ കൊണ്ടുപോകുന്നു. അതുകൊണ്ടു എൻറെ അഭിപ്രായത്തിൽ യാതൊരു കടത്തിനു വേണ്ടിയും സർക്കാർ ഭൂമി പാട്ടത്തിനുവാങ്ങുന്നയാൾ കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തവിധം കൃഷി ചെയ്തു് അനുഭവിക്കുവാൻ തക്കവിധത്തിൽ നിയമം ഭേദഗതി ചെയ്യേണ്ടിയിരിക്കുന്നു. സർക്കാരിൻറെ കൈവശമുള്ള ഭൂമി കൃഷി ചെയ്യുന്നതിനുവേണ്ടി ജനങ്ങൾക്കു കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള നിയന്ത്രണങ്ങൾ കുറേക്കൂടി ഉർജ്ജിതപ്പെടുത്തേണ്ടതാണ്. നിലവിലിരിക്കുന്ന രൂൾ നിയമമാക്കിയാൽതന്നെയും ആ ഉദ്ദേശം സാധിച്ചുകിട്ടുന്നതാണ്. ഇപ്പോൾ നിലവിലിരിക്കുന്ന ഫൺ ൪൪ നവമ്പർ ൨൫–ാം തീയതി പരസ്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത രൂളിൽതന്നെ പാട്ടംകൊടുക്കുന്നതു സാധാരണയായി ഏഴ്കൊല്ലത്തിൽ കവിഞ്ഞ ഒരു കാലത്തേയ്ക്കു പാടില്ലെന്നുള്ള വ്യവസ്ഥയുണ്ടു്. പാട്ടംകൊടുത്തു ആറുമാസത്തിനകം കൃഷി ചെയ്യാത്തപക്ഷം സർക്കാരിനു വസ്തു തിരിച്ചെടുക്കുവാനുള്ള അവകാശം ഇപ്പോഴത്തെ രൂളിൽ ഉണ്ടു്. പാർവത്യകാരന്മാരും തഹശീൽദാരന്മാരും ഈ വിധം പാട്ടത്തിനു കൊടുക്കുന്ന ഭൂമികൾ പരിശോധിച്ചു റിപ്പോർട്ടുചെയ്യണമെന്നും തരിശ്ശു ഭൂമികളായി കിടക്കുന്നതുകണ്ടാൽ അവയെ സർക്കാരിലേക്കു തിരിച്ചെടുക്കണമെന്നും ഉള്ള വ്യവസ്ഥ ഇപ്പോഴത്തെ രൂളിൽ ഉണ്ടു്. അതനുസരിച്ചു് വെറും അനുഭവാവകാശംമാത്രമെ പാട്ടക്കാർക്കു് കിട്ടുന്നുള്ളൂ. അതു ശരിയായ ഒരു തത്വമാണു്. ആ തത്വം മുഴുവൻ ഇപ്പോഴത്തെ ലാൻറ് അസൈൻമെൻറ് രൂളിലും ഉൾപ്പെടുത്തണം. അതുകൊണ്ടാണു് ഈ വക സംഗതികളെ സംബന്ധിച്ചു ഒരു പുനഃപരിശോധനയ്ക്കായി ഈ ബിൽ തിരിയെ സെലക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടതു്.

ഞാൻ ഇപ്പോൾ നിർദ്ദേശിച്ച ഭേദഗതികൾ എല്ലാം ഈ നിയമത്തിൽ വരുത്താമെന്നു് വിചാരിച്ചാൽ അതിനു് ചില തടസ്സങ്ങൾ ഉള്ളതായി കാണാം. പല വകുപ്പുകളും പുതിയതായി ഇതിൽ ചേർക്കേണ്ടതായിവരും. അതു് ചേർക്കുന്ന അവസരത്തിൽ ഇപ്പോൾ ശുപാർശചെയ്തിരിക്കുന്ന പല വകുപ്പുകളും മാറേണ്ടതായിവരും. ഭൂമി അസൈൻമെൻറ് എന്നു വെച്ചാൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം മാത്രമേ ഉൾപ്പെടൂ എന്നു് അതിൻെറ നിർവചനം പരിമിതപ്പെടുത്തണമെന്നു് ഞാൻ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ടു്. ആ തത്വം അംഗീകരിക്കുന്നപക്ഷം ഈ ബിൽ മാറേണ്ടതായിവരും അതുകൊണ്ടാണു് ഇതു പുനഃപരിശോധന ചെയ്യുന്നതിനു് സെലക്ട് കമ്മിറ്റിയ്ക്കു അയക്കണമെന്നു് പറയുന്നതു്. ഇപ്പോൾ ലാൻറ് അസൈൻ ചെയ്യുന്നതിനു് യാതൊരു വൈഷമ്യവുമില്ല. കൊച്ചിയിലും തിരുവിതാംകൂറിലും അതിലേയ്ക്കുള്ള നിയമങ്ങളുണ്ടു്. സർക്കാർ വസ്തുക്കൾ കൃഷിക്കു കൊടുക്കുന്നതിനു് നിയമതടസ്സം യാതൊന്നുമില്ല. അങ്ങിനെയിരിക്കേ ഈ നിയമം ഉണ്ടാക്കുന്നതിനു് കുറച്ചു കാലതാമസം വന്നുപോയെന്നുവച്ചു് ഗവൺമെണ്ടിനോ ജനങ്ങൾക്കോ യാതൊരു ദോഷവും ഉണ്ടാകാൻ പോകുന്നില്ല. ഈ ഗവൺമെണ്ടിൽനിന്നും ഒരു ലാൻറ് കമ്മിറ്റിയെ ഏർപ്പെടുത്തീട്ടുണ്ടു്. ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങളെന്തെല്ലാമാണെന്നു് നമുക്കു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ആ കമ്മിറ്റി ഒരു റിപ്പോർട്ടു് സമർപ്പിക്കും. ഈ സഭ അതിനു് ചില തീരുമാനങ്ങളും എടുക്കും. ഈ സഭ ഭൂനയം സംബന്ധിച്ചു് ചെയ്യുന്നതീരുമാനം എന്താണെന്നും സഭയുടെ അഭിപ്രായം എന്താണെന്നും അറിഞ്ഞതിനുശേഷം ഈ ബിൽ ശുപാർശപ്പെടുത്തുകയല്ലേ നല്ലതു് എന്നാണു് ആലോചിക്കേണ്ടതു്. ഈ നിർദ്ദേശങ്ങളും സഭയുടെ പര്യാലോചനയ്ക്കായി സമർപ്പിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

<u>ശ്രീ. എ. ജെ. ജോൺ:</u> സർ, ഈ ബിൽ സെലക്ട് കമ്മിറ്റിയ്ക്കു വീണ്ടും അയയ്ക്കണമെന്നുള്ള മോഷനെ ഞാൻ എതിർക്കുന്നു. ബഹുമാനപ്പെട്ട മെംബർ മിസ്റ്റർ നടരാജപിള്ള ഇവിടെ പ്രസ്താവിച്ചതുപോലെ ഈ ബിൽ ഇവിടെയും കൊച്ചിയിലും നിലവിലുള്ള ലാൻറ് അസൈൻമെൻറ് ആക്ടിലെ വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തിയാണു് തയ്യാറാക്കിയിട്ടുള്ളതു്. ഇവിടെ ഫ്രയ്ൻറ് മുതൽ ഈ ആക്ട് നിലവിലുള്ളതാണു്. അതിൽ സാരമായ ഒരു വ്യത്യാസവും വരുത്തിയിട്ടില്ല. സെലക്ട് കമ്മിറ്റിയും പറയത്തക്ക വ്യത്യാസങ്ങൾ ഒന്നും വരുത്തിയിട്ടില്ല. ഈ ഗവൺമെണ്ടിൽനിന്നും ലാൻറ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടെന്നും ആ കമ്മിറ്റിയുടെ റിപ്പോർട്ടു് അവസാനമായി തീരുമാനിച്ചതിനുശേ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

ഷം ഇങ്ങനെയൊരു ബിൽ ഇവിടെ അവതരിപ്പിച്ചാൽ മതിയാകുമെന്നുമാണു് പ്രധാനമായി ഇവിടെ ഉന്നയിച്ചതു്. അതിനെപ്പറ്റി എനിക്കു പറയുവാനുള്ളതു് ഈ ബിൽ ഇപ്പോൾ പാസാക്കിയാലും പിന്നീടു് ലാൻഡ് കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഇവിടെ ഏതെങ്കിലുംബിൽ അവതരിപ്പിക്കയാണെങ്കിൽ വരാൻപോകുന്ന ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ചു് ഗവൺമെൻറിനു് ഇതു് ഭേദഗതി ചെയ്യുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യാൻ സാധിക്കുമെന്നാണു്. തിരുവിതാംകൂറിലും കൊച്ചിയിലും പ്രത്യേകം പ്രത്യേകം നിയമങ്ങൾ ഉള്ളതുകൊണ്ടു് അതിനെ ഏകീകരിക്കേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുകയാണു്. ശ്രീ. നടരാജപിള്ള ഇവിടെ പ്രധാനമായി ഉന്നയിച്ചതു് പതിച്ചു കൊടുക്കുകയോ പാട്ടത്തിനു കൊടുക്കുകയോ ചെയ്യുന്ന ഭൂമിയ്ക്കു പരിധി വയ്ക്കണമെന്നാണു്. അതുസംബന്ധിച്ചു് ഇവിടെ ചില ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്. മിസ്റ്റർ നടരാജപിള്ള അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയിൽതന്നെ പ്രസ്താവിച്ചിരിക്കുന്നതു് ഇങ്ങനെ കൊടുക്കുന്നതായ ഭൂമിയുടെ വിസ്തീർണ്ണം ൨ ൦ ഏക്കറിൽ കൂടുതൽ വരരുതെന്നാണു്. അതുപോലെതന്നെ ശ്രീ. കെ. പി. നീലകണ്ഠപിള്ളയുടെ ഭേദഗതിയിൽ ൨ ൫ ഏക്കർ എന്നു പറഞ്ഞിട്ടുണ്ടു്. ആ ഭേദഗതികൾ ഏതെങ്കിലും ഈ സഭ സ്വീകരിക്കുന്നുവെന്നു വരികിൽ ഇതു് സെലക്ട് കമ്മിറ്റിയ്ക്കു വീണ്ടും അയക്കേണ്ട ആവശ്യമില്ല.

രണ്ടാമതായി ശ്രീ. നടരാജപിള്ള പ്രസ്താവിച്ചതു് അപ്പീലിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഇല്ലെന്നാണു്. അതു് ശരിയാണു്. പക്ഷെ ഈ ബിൽ അനുസരിച്ചു് റൂളുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ക്ലാസ് ൭ (ഐ)-ൽ കൊടുത്തിട്ടുള്ളതു് ഇങ്ങനെയാണു്: "providing for appeal from the orders of any authority competent to assign any land."

ഏതു ഉത്തരവിന്മേൽ അപ്പീൽ കൊടുക്കണമെന്നും അപ്പീൽ കൊടുക്കേണ്ടതായ അധികാരി ആരെന്നും അതിനുള്ള വ്യവസ്ഥകൾ എന്തെന്നും വിവരിച്ചു് റൂളുകൾ ഉണ്ടാക്കുന്നതിനുള്ള വ്യവസ്ഥകളാണു് ൭–ാ മത്തെ ക്ലാസിൽ പറഞ്ഞിരിക്കുന്നതു്. ൭–ാമത്തെ ക്ലാസിൽ ൨–ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്. റൂളുകൾ ഉണ്ടാക്കി ഗസറ്റിൽ പരസ്യം ചെയ്യുമ്പോൾ ആ റൂളുകൾക്കു പ്രാബല്യം ഉണ്ടായിരിക്കുമെന്നാണു് പ്രസ്താവിച്ചിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ലാൻഡ് ഇംപ്രൂവുമെൻറ് ബില്ലിലും മറ്റു നിയമങ്ങളിലും അപ്പീലിനുള്ള അധികാരം നിയമത്തിൽതന്നെ പറഞ്ഞിരിക്കേ ഇതിൽ മാത്രം റൂളുകളിൽ എന്നു വച്ചതിനു് പ്രത്യേകം കാരണമെന്താണു്?

ശ്രീ. എ. ജെ. ജോൺ: പ്രത്യേക കാരണമൊന്നുമില്ല. ആദ്യത്തെ ആക്ടുകളിൽ ഇങ്ങനെ വച്ചിരുന്നതുകൊണ്ടു് ഇതിലും അപ്രകാരം വച്ചുവെന്നേ ഉള്ളൂ.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആദ്യത്തെ ആക്ടിലുള്ള ആ തെറ്റു് ഇപ്പോഴും ആവർത്തിക്കണമെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജോൺ: അതിൽ തെറ്റൊന്നുമില്ല. അപ്പീൽ ആർക്കു കൊടുക്കണം, എത്ര ദിവസത്തിനകം കൊടുക്കണം എന്നുള്ള എല്ലാവിവരങ്ങളും റൂളുകളിൽ ഉണ്ടായിരിക്കും. ആ സ്ഥിതിയ്ക്കു ആക്ടിൽ കിടക്കുന്നതുകൊണ്ടോ റൂളിൽ കിടക്കുന്നതുകൊണ്ടോ വ്യത്യാസം ഒന്നും വരുന്നില്ല. അല്ലാതെ പ്രത്യേകമായി യാതൊരു ഉദ്ദേശവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാമതായി ശ്രീ. നടരാജപിള്ള പ്രസ്താവിച്ചതു് ഏഴാമത്തെ ക്ലാസിൽ ഇതു് സംബന്ധിച്ചുള്ള എല്ലാ റൂളുകളും ഉണ്ടാക്കുന്നതിനുള്ള അധികാരം ഗവണ്മെണ്ടിനു കൊടുത്തിരിക്കുന്നുവെന്നുള്ളതാണു്. സാധാരണ നിയമങ്ങളിൽ അതു് സംബന്ധിച്ചുള്ള റൂളുകൾ ഉണ്ടാക്കുമെന്നാണു് പറയുന്നതു്. എന്നാൽ അതിനു് വിപരീതമായി ഈ ബില്ലിൽ സകല വിശദാംശങ്ങളും പ്രസ്താവിച്ചിട്ടുണ്ടു്. ഇന്നയിന്ന വിശദാംശങ്ങളെപ്പറ്റി റൂളുകൾ ഉണ്ടാക്കുന്നതിനു് ഗവണ്മെണ്ടിനു് അധികാരമുണ്ടായിരിക്കുമെന്നു് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. സാധാരണ ആക്ടുകളിൽ നിന്നും വിപരീതമായിട്ടാണു് ഇങ്ങനെ ഇതിൽ ചേർത്തിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ വിശദാംശങ്ങളിൽപെടാത്ത ഏതെങ്കിലും സംഗതികളിൽ റൂളുകളുണ്ടാക്കാനുള്ള അധികാരം ഗവണ്മെണ്ടിനുണ്ടോ?

Sri. A. J. John: "Sub-clause (2): "All rules made under this Act shall be published in the Gazette and thereupon they shall have the force of law."

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രത്യേകം വിശദാംശങ്ങളും പറയുകയും ഒടുവിൽ എല്ലാറ്റിനും ഉള്ള അധികാരം കൊടുക്കുകയും ചെയ്തിരിക്കുന്നതു് എന്താണു്?

Sri. A. J. John: "Government may make rules, prescribing the manner in which assignment of land may be made whether by public auction or otherwise; prescribing the authority by which such assignments may be made; prescribing the procedure to be followed in assigning the land;" etc.

അങ്ങനെ വിശദാംശങ്ങളും എല്ലാംതന്നെ കൊടുത്തിരിക്കുകയാണു് ചെയ്യുന്നതു്.

കുത്തകപ്പാട്ടം കൊടുക്കുന്നതു സംബന്ധിച്ചും പതുവൽപതിച്ചു കൊടുക്കുന്നതു സംബന്ധിച്ചും പല വ്യവസ്ഥകളും ഉണ്ടു്. കുത്തകപ്പാട്ടമായി കൃഷിയ്ക്കു സ്ഥലം കൊടുത്താൽ ആറു മാസത്തിനകം കൃഷി ചെയ്തില്ലെങ്കിൽ ആ സ്ഥലം തിരിയെ എടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ടു്. ഗവണ്മെൻറു് ആവശ്യത്തിനു വേണ്ടിവരികയാണെങ്കിൽ മൂന്നു മാസത്തെ നോട്ടീസു് കൊടുത്തു തിരിയെ എടുക്കുന്നതിനും വ്യവസ്ഥയുണ്ടു്. പിന്നാക്കസമുദായക്കാർക്കു് ഭൂമി കൊടുക്കയാണെങ്കിൽ അവർക്കു ചില സൗജന്യങ്ങളും കൊടുക്കുന്നതിനെപ്പറ്റിയും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. എല്ലാറ്റിനും റൂളുകളും ഉണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ നിയമം പാസാക്കുന്നതോടുകൂടി ആ റൂളുകൾ അസാധുവാകുകയില്ലേ?

ശ്രീ. എ. ജെ ജോൺ: അസാധുവാകുകയില്ല. ജനറൽക്ലാസസ്സു് ആക്കിൽ അതിനു പ്രത്യേകം വ്യവസ്ഥയുണ്ടു്.

Mr. Speaker: The motion is to recommit the Bill to the Select Committee.

The motion was put and lost.

Sri. P. S. Nataraja Pillai: I demand a poll.

A poll was accordingly taken when the House divided as follows.—

Ayes—27

1. Sri. K. Sivarama Pillai
2. ,, R. Sankar
3. ,, K. Velayudhan Nayar
4. ,, A. Thanu Pillai

LIBRARY ARCHIVES Kerala Legislative Assembly

5. Sri. K. P. Nilakanta Pillai
6. ,, P. C. George
7. ,, Mannar Gopalan Nayar
8. ,, A. Atchuthan
9. ,, N. D. Jose
10. ,, K. Ramachandran
11. ,, P. C. Adichan
12. ,, D. Gnanasigamony
13. Sahib Bahadur A. Abdul Razaak
14. Sri. A. Chithambaranatha Nadar
15. ,, Gabriel Nadar
16. Sri. D. Sadasivan
17. ,, T. Kochukrishna Pillai
18. ,, P. K. Krishnan Sastri
19. ,, Neelakantaru Pandarathil
20. ,, K. Kannan
21. ,, P. S. Nataraja Pillai
22. ,, A. K. Patchu Pillai
23. ,, C. C. Prasad
24. ,, W. K. Vasudevan Achari
25. ,, K. Ramakrishnan Achari
26. ,, Ponnara G. Sreedhar
27. Sahib Bahadur T. A. Moideen Kunju

Noes—51

1 Sahib Bahadur T. A. Abdulla
2 Sahib Bahadur V. A. Abdul Aziz
3 Sri. Abdul Majeed
4 ,, R. Achuthan
5 ,, Albert Lopez
6 ,, Alexander Vakayil
7 Miss Annie Joseph
8 ,, Annie Mascarene
9 Sri. Krishnan Ayyappan
10 ,, K. Ayyappan
11 ,, N. V. Chacko
12 ,, Cheladi Rowther
13 Mrs. Devaki Gopidas
14 Sri. Ambat Eachara Menon
15 ,, K. R. Elankath
16 ,, P. Gopalan
17 ,, Panampilli Govinda Menon
18 ,, A. J. John
19 ,, K. S. Joseph
20 ,, V. K. Joseph
21 ,, K. Karunakaran
22 ,, C. Kesavan
23 ,, K. K. Kesavan
24 ,, T. T. Kesavan Sastri
25 ,, N. S. Kochukunju
26 Sri. K. Kochukuttan
27 ,, T. K. Kunjayyappan
28 ,, P. Kunjukrishnan
29 ,, N. Kunjuraman
30 ,, P. S. Madhavan Vaidyan
31 Dr. E. K. Madhavan
32 Sri. K. A. Mathew
33 ,, M. K. Menon
34 Sahib Bahadur Muhammed Mustafa
35 Sri. P. Nanoo
36 ,, T. K. Narayana Pillai
37 ,, G. P. Nilakanta Pillai
38 ,, M. I. Paul
39 ,, Paulose Pylee
40 ,, K. Ramakrishna Pillai
41 ,, M. Raman Pillai
43 ,, T. M. Sannalan
44 ,, A. M. Thomas
45 ,, A. P. Udayabhanu
46 ,, P. M. Varghese
47 ,, N. P. Varghese
48 ,, V. K. Varghese
49 ,, K. K. Vasu Panicker
50 ,, M. R. Velappan
51 Sri. K. I. Velayudhan

Sri. C. C. Prasad: On a point of order. പ്രാർത്ഥന എടുത്തുകൊണ്ടിരിക്കുമ്പോൾ ഒരു മെമ്പർ സ്ഥാനം തെറ്റിയിരിക്കുകയാണെങ്കിൽ ആ മെമ്പറെ കൊണ്ട് ചെയ്യാമോ; ശ്രീ. റ്റി. പി. സീതാരാമൻ അപ്രകാരം സ്ഥാനം തെറ്റിയിരിക്കുകയായിരുന്നു.

Mr. Speaker: Was the hon'ble member in his place when he stood up?

Sri. T. P. Seetharaman: That is my seat (pointing out to another seat).

Mr. Speaker: The honourable member may wait till this point of order is decided.

Sri. C. V. Iyyu: From the place he stands, he cannot speak a word.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: A point of order. Mr. Iyyu neither voted for the motion or against the motion nor was he neutral.

Sri. C. V. Iyyu: I was not sitting in my place; so it is that I did not stand up. The same is the case with Mr. Seetharaman.

Sri. A. Thanu Pillai: In regard to that I have one submission. Then they are strangers; outsiders really. They should not be allowed a place. They should be removed bodily.

Mr. Speaker: The rule is that members shall sit in such order as the Speaker may direct. Strictly they cannot function as members when occupying seats not allotted to them. It follows that they cannot participate in the voting when they are not in their seats. But there is no harm in their remaining in the House in others' seats when the voting takes place. That is the position.

Sri. R. Sankar: What is the ruling on Mr. Seetharaman's position?

Mr. Speaker: He is excluded from the poll.

The result of the poll is as follows. For the motion 27. Against the motion 51. The motion is lost. The motion to recommit the Bill having been lost, the question is that the Bill be taken into consideration.

(The motion was put and carried).

The Bill is taken into consideration.

The House rose for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker in the Chair.

Clause 2

Sri. D. Gnanasigamoni: Sir, I move.

"In clause 2 (1) line 3, omit the words 'the bed of the sea and of harbours and".

This clause defines what Government lands are and in the enumerative definition that we are having 'bed of the sea and harbours' are also included. No doubt, Sir, this definition we are having from very early times, and the only question is whether we can include this in the definitions hereafter. To me it appears the Indian Constitution stands in the way. Article 297 of the Constitution says in effect that these lands belong to the Indian Dominion. It reads thus:

> "All lands, minerals and other things of value underlying the ocean within the territorial waters of India shall vest in the Union and be held for the purposes of the Union".

So that, Article 297 in effect says that this land underlying the ocean vests in the Union. It appears to me that whatever might have been the justification for such definition in the Land Assignment Act before, there can be no justification whatever to include this as Government land in the definition here, because that article clearly says these lands belong to the Indian Union. Hence my amendment.

Sri. A. Thanu Pillai: Sir, I have also given notice of the same amendment and I endorse the arguments advanced by Mr. Gnanasigamoni. Article 297 of the Constitution clearly says that all lands, minerals and other things of value underlying the ocean....shall vest in the Union. If those things are the property of the Union, we have no right to legislate for those things. They are not our property and we cannot assign such lands. I do not know how this Government thinks over this matter. I am at a loss to see why this is included as land over which this Government has a right and can dispose of it. The Article clearly says that they are lands of the Union. To me it appears we cannot legislate. We can legislate only in respect of things belonging to us or in respect of matters which come within the VII Schedule. This land is clearly out of that. Therefore I support the amendment.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എം. തോമസ്: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ആട്ടിക്കിൾ ടൻ ഒ–ൽ "All lands, minerals and other things of value underlying the ocean within the territorial waters.....

Sri. A. Thanu Pillai: Mark the words 'within the territorial waters'.

Sri. A. M. Thomas: It is not possible to say where the sea begins and ends and where the ocean begins and ends. It will be invalid for purposes of repugnancy. Therefore my submission is that the amendment cannot be accepted. If accepted it will create difficulties of a peculiar nature ....."things of value underlying the ocean....." എന്നെ പറയുന്നുള്ളൂ. ഈ ക്ലാസിൽ sea എന്നു പറയുന്നതും oceanഎന്നു പറയുന്നതും തമ്മിൽ വളരെ വ്യത്യാസം ഉണ്ട്".

Sri. A. Thanu Pillai: May I know what defference does the member draw between sea and ocean when we speak of territorial waters?

Sri. A. M. Thomas: There is the Arabian Sea, Red Sea etc and Pacific Atlantic Ocean etc. In that set up nobody can say where the ocean begins or sea begin or where the ocean ends or the sea ends.

അതുകൊണ്ട് ഇപ്പോൾ ഇതു ഭേദപ്പെടുത്തിക്കഴിഞ്ഞാൽ വളരെ പ്രയാസമുണ്ടാകാൻ വഴിയുണ്ട്. ഇതു സെൻട്രൽ സബ്ജക്ടിൽ ഉൾപ്പെടുത്തുകയാണെങ്കിൽ അതുകൊണ്ടു വലിയ വിഷമങ്ങൾക്കിടയാവും.

ശ്രീ. എ. ജെ. ജോൺ: സർ, ഈ ഭേദഗതിയെ സ്വീകരിക്കുന്നതിനു വലിയ പ്രയാസമുണ്ടായിട്ടല്ലാ ഇതിനെ എതിർക്കുന്നതു്. പക്ഷെ മി. തോമസ് പറയുന്നതുപോലെ ആട്ടിക്കിൾ ടൻ ഒ–ൽ പറഞ്ഞിരിക്കുന്നതു്.

"All lands, minerals and other things of value underlying the ocean..... എന്നാണു്. എന്നാൽ ഞങ്ങൾ ഇവിടെ sea എന്നാണു് വച്ചിരിക്കുന്നതു്. ഒരു പക്ഷെ നമ്മൾ ഇങ്ങനെ പറയുന്നതുകൊണ്ടു വലിയ ഉപയോഗമൊന്നുമില്ലായിരിക്കാം. നേരെമറിച്ചു് sea എന്നു പറയുന്നതുകൊണ്ടു് അവസാനത്തെ ഇൻറർപ്രിട്ടേഷനനുസരിച്ചു് നമുക്കേതെങ്കിലും ഒരു ഗുണമുണ്ടാവുകയാണെങ്കിൽ അതുപേക്ഷിക്കേണ്ട എന്നു വിചാരിച്ചാണു് ഇതു് ഇങ്ങനെ വച്ചിരിക്കുന്നതു്. ഇപ്പോൾ ഇൻഡ്യൻ യൂണിയനു വിപരീതമായി നാം ഒന്നും ഉണ്ടാക്കുന്നതുമില്ല.

Sri. A. Thanu Pillai: In this context I should like to know what the opinion of our law officers are, in this matter. When we legislate there is a certain amount of responsibility which we have to shoulder. We are not an ordinary private party. We are a legislature and we should not go beyond our rights and should not lose our rights. I ask the question, has any opinion been taken from our law officers in this matter?

ശ്രീ. എ. ജെ. ജോൺ: Ocean എന്നു പറഞ്ഞാൽ അഞ്ചെണ്ണമേയുള്ളൂ. ബാക്കിയുള്ളതെല്ലാം sea എന്നാണു് വച്ചിരിക്കുന്നതു്. ഇതെടുത്തു കളയുന്നതിനു നാമെന്തിനു വലിയ ബുദ്ധിമുട്ടുണ്ടായിട്ടല്ല. പിന്നെ നമുക്കു വല്ല ഗുണവും കിട്ടുന്നെങ്കിൽ കിട്ടട്ടെയെന്നു് വിചാരിച്ചു ചെത്തിരിക്കുന്നുവെന്നല്ലാതെ നാമെന്തിനിതിൽവലിയ നിർബന്ധമൊന്നുമുള്ള സംഗതിയല്ല. ഒരുവേള വല്ല അവകാശവും കിട്ടുമെങ്കിൽ അതിനു ശ്രമിക്കാം എന്നു വിചാരിച്ചാണു്.

Sri. A. Thanu Pillai: So am I to take it that the opinion of the law officers were got?

Sri. A. J. John: Yes.

വളരെ ഉത്തരവാദിത്വത്തോടുകൂടിത്തന്നെയാണു് ഞാൻ ഇതു പ്രസ്താവിച്ചതു്. ലാ ആഫീസേഴ്സുമായി ഈ സംഗതി ആലോചിച്ചിട്ടുള്ളതാണു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഡെഫനിഷൻ ഇവിടെ വയ്ക്കുന്നതിൽ യാതൊരു ദോഷവും ഇല്ല. ലാ ആഫീസേഴ്സിന്റെ ഉപദേശം ആരാണ്ത ശേഷമാണ് ഇപ്രകാരം ചേത്തിട്ടുള്ളത്. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Sri. Ponnara G. Sreedhar : Sir, I move.

"In Section 2 part (1) explanation 1 in the 2nd line between the words 'relinquished and the word 'and' insert the words 'or allowed to lie fallow for three consecutive seasons".

ഈ ഭേദഗതി ഞാൻ പ്രധാനമായി ഹാജരാക്കുന്നതിനുള്ള കാരണം സക്കാർ ഭൂമി എന്നുള്ള പ്രകരണത്തിൽ ഉൾപ്പെട്ടതായ ഭൂമികൾ പതിച്ചുകൊടുക്കുകയോ കുത്തകപ്പാട്ടമായി കൊടുക്കുകയോ ചെയ്തുകഴിഞ്ഞതിനുശേഷം ഏതെങ്കിലും വസ്തു ഉടമസ്ഥൻ തുടച്ചയായി മൂന്നു സീസൻ കൃഷിചെയ്യാതെ ഇട്ടിരിക്കുന്ന നിലമോ പുരയിടമോ ഉണ്ടെങ്കിൽ അവയും സക്കാർവക ഭൂമികളായി എടുക്കണമെന്നുള്ളതാണ് ഈ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ആവശ്യം എന്താണെന്നുള്ളതിനെപ്പറ്റി പ്രത്യേകം പറയണമെന്നു വിചാരിക്കുന്നില്ല. ഇപ്പോൾ ഗവണ്മെണ്ടു ഭൂമി കൈവശം വെച്ചുകൊണ്ടിരിക്കുന്നവർക്ക് ലാഭമുള്ള സാധനങ്ങൾ കൃഷിചെയ്യാവുന്ന അവസരങ്ങളിൽമാത്രം കൃഷിചെയ്യുന്നതായും അല്ലാത്ത അവസരങ്ങളിൽ വളരെകാലം കൃഷിചെയ്യാതെ ഇടുന്നതായും നാം കാണുന്നുണ്ട്. അങ്ങിനെയുള്ള ഭൂമികൾ ഗവണ്മെണ്ടുവകയായി declare ചെയ്യണമെന്നും അതിലേക്ക് ഈ ഭേദഗതി സഹായകരമായിരിക്കുമെന്നുമുള്ളതുകൊണ്ടാണ് ഞാൻ ഇതു അവതരിപ്പിക്കുന്നത്.

ശ്രീ. എ. ജെ. ജോൺ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇതു കാൺസ്റ്റിറ്റ്യൂഷനതന്നെ വിപരീതമായ ഒരു സംഗതിയാണ്. ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതുപോലെ തുടച്ചയായി മൂന്നു സീസനിൽ കൃഷിചെയ്യാതിരുന്നാൽ വണ്മെണ്ടു ഭൂമിയായി തീരും എന്നുള്ളത് ഗവണ്മെണ്ടു വ്യവസ്ഥക്കുതന്നെ വിപരീതമാണ്. അങ്ങിനെ ഡിക്ലയർ ചെയ്യാൻ കാൺസ്റ്റിറ്റ്യൂഷൻ വ്യവസ്ഥയനുസരിച്ച് അവകാശവുമില്ല. രണ്ടാമതു ഇതിൽ പറഞ്ഞിരിക്കുന്നതു മൂന്നു കൺസിക്യൂട്ടീവു സീസൻ എന്നാണ്. ചില ഭൂമികളെ സംബന്ധിച്ചിടത്തോളം ഒരു കൊല്ലത്തിൽതന്നെ മൂന്നു സീസൻ ഉണ്ടായിരിക്കും. മലംപ്രദേശങ്ങളിലും മറ്റും മൂന്നു കൊല്ലത്തിലൊരിക്കലും മറ്റു ചിലപ്പോൾ കൃഷിചെയ്യേണ്ടതായിട്ടുണ്ട്. അപ്പോൾ ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ മിക്കവാറും എല്ലാസ്ഥലങ്ങളും ഗവണ്മെണ്ടു വകയായിത്തീരുന്നതാണ്. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ സവ്വശക്തികളുമുപയോഗിച്ചെതിർക്കുന്നു.

The amendment was put and lost.

Sri. P. K. Dewer : Sir, I move,

"Omit explanation III to clause 2 (1) of the Bill.

ക്ലാസ്സ് രണ്ടിലെ എക്സ്പ്ലനേഷൻ മൂന്നു മുഴുവനും എടുത്തുകളയണമെന്നാണ് എന്റെ ഭേദഗതി. അതു എടുത്തുകളയുന്നപക്ഷം ജനങ്ങൾക്ക് വളരെ പ്രയോജനകരമായിത്തീരുന്നതാണ്.

ശ്രീ. എ. ജെ. ജോൺ: സർ, ഈ ഭേദഗതിയെ സ്വീകരിക്കുന്നതിനു എനിക്കു യാതൊരു വിരോധവുമില്ല.

Sri. P. S. Nataraja Pillai : May I know what is the view of the treasury bench in regard to the omission of the explanation? Is it partial omission or total omission of the explanation?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: ഒരു അതിരിനകത്തുകിടക്കുന്ന സ്ഥലം കൂടുതലുണ്ടെങ്കിൽ അല്ല ഈ എക്സ്പ്ലനേഷൻ. അനുസരിച്ച് ഗവൺമെണ്ടിന്റെ സ്ഥലം അല്ലെന്നു വരുന്നതാണു്. നേരെമറിച്ച് ലാൻഡു കൺസർവൻസി ആക്ടിലെ വ്യവസ്ഥയനുസരിച്ച് ഒരതിരിനകത്തുള്ള കൂടുതൽ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനു് അവകാശം കൊടുക്കാൻ പാടില്ലെന്നാണു്. ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ച് ഒരതിരിനകത്തു കിടക്കുന്നതായ കൂടുതൽ സ്ഥലം അതേയാൾക്കുതന്നെ പാട്ടത്തിനു കൊടുക്കുകയോ പതിച്ചുകൊടുക്കുകയോ വേണമെന്നുണ്ടു്. ഈ എക്സ്പ്ലനേഷൻ അതിനു ഒരു പ്രതിബന്ധമാണു്.

